അദ്ധ്യായം 1

# ദേവാസുരോത്പത്തി

## നൈമിഷാരണ്യവർണ്ണനം

പവിത്രവും മനോഹരവുമായിരുന്നു നൈമിഷാരണ്യം[1]. അനേകം മഹർഷിമാർ നിറഞ്ഞതും പലവിധത്തിലുള്ള പുഷ്പങ്ങളെക്കൊണ്ട് ശോഭിക്കുന്നതും ശാലി(ചെന്നെല്ല്), കൊന്ന, പ്ലാവ്, മാവ്, ഞാവൽ, വിളാർമരം (ഏലാവാലുകം), പേരാല്, ദേവദാരു, അരയാല്, പാരിജാതം, ചന്ദനം, അകില്, പാതിരി (പാച്ചോറ്റി), ഇലഞ്ഞി, ഏഴിലംപാല, പുന്നമരം (ജാതിക്ക), നാഗം, പയിന്(അയിനി), പന, കരിങ്ങാലി(നീർമാതളം), തെങ്ങ്, മരുത്, ചെമ്പകം, തുടങ്ങിയ അനേകം വൃക്ഷങ്ങളാൽ അലങ്കരിക്കപ്പെട്ടതും വിവിധ പക്ഷിക്കൂട്ടങ്ങൾ നിറഞ്ഞതും പല മൃഗങ്ങളോടുകൂടിയതും വിവിധ ജലാശയങ്ങളാലും പുണ്യനദികളാലും ചുറ്റപ്പെട്ടതും ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ, മറ്റുജാതിക്കാർ, വാനപ്രസ്ഥർ, ഗൃഹസ്ഥർ, സന്യാസിമാർ ബ്രഹ്മചാരികൾ ഇവരാൽ സമ്പന്നമായതും ചുറ്റും ഗോകുലങ്ങളാൽ അലങ്കരിക്കപ്പെട്ടതും യവം, ഗോതമ്പ്, ചണം, ഉഴുന്ന്, മുതിര, എള്ള്, കരിമ്പ്, കരിഞ്ചീരകം(വരിയരി) എന്നു തുടങ്ങിയ ധാന്യച്ചെടികളാലും മറ്റു പരിശുദ്ധസസ്യങ്ങളാലും ശോഭിക്കുന്നതുമായിരുന്നു. ആ തപോവനം. അവിടെ പന്ത്രണ്ടുവർഷം നീണ്ടുനിൽക്കുന്ന മഹായാഗത്തിന് മുനിമാരും ബ്രാഹ്മണശ്രേഷ്ഠരുമെല്ലാം എത്തിച്ചേർന്നു.

DC BOOKS

1. നൈമിഷാരണ്യം ഗംഗാതടത്തിൽ ഗോമതീനദിയുടെ ഇടതുവശത്തായി 'സീതാപ്പൂർ' വില്ലേജിൽ സ്ഥിതിചെയ്യുന്നു. ഗുണചക്രത്തിന്റെ ഓരം (വിളിമ്പ്) ഇവിടെ ചിന്നിച്ചിതറിയെന്നും അതുകൊണ്ട് ഗുണത്തിന് ഇവിടെ ഒരു സ്ഥിരവാസസ്ഥലമുണ്ടാക്കേണ്ടിവന്നു എന്നും വായുപുരാണത്തിൽ പറയുന്നു. അതുകൊണ്ട് ഇതിന് ഈ പേരുവന്നു. ഗൗരമുഖൻ എന്ന മഹർഷി കണ്ണിമയ്ക്കുന്ന (നിമേഷം) നേരംകൊണ്ട് അസുരസൈന്യത്തെ നശിപ്പിച്ചതിനാൽ ആ പ്രദേശത്തിന് നൈമിഷാരണ്യം എന്ന പേർ സിദ്ധിച്ചുവെന്നാണ് മറ്റൊരു വിവരണം
മത്സ്യപുരാണമനുസരിച്ച് ഗോമതീനദിയുടെയും ഗംഗാനദിയുടെയും സംഗമസ്ഥലത്താണ് ഈ പ്രദേശം. ത്രേതായുഗത്തിൽ പുഷ്കരംപോലെയും ദ്വാപരയുഗത്തിൽ കുരുക്ഷേത്രംപോലെയും കലിയുഗത്തിൽ ഗംഗപോലെയും കൃതയുഗത്തിൽ നൈമിഷാരണ്യം പാവനപ്രദേശമായിരുന്നു. കാകസംഹിത, കൗശീതകീബ്രഹ്മണം, ഛാന്ദോഗ്യോപനിഷത്ത് എന്നിവയിൽ നൈമിഷാരണ്യത്തെ പരാമർശിച്ചിട്ടുണ്ട്. രാമൻ അശ്വമേധം നടത്തിയത് ഇവിടെയാണെന്ന് രാമായണത്തിൽ പറയുന്നു.

മുനിമാർ ബ്രാഹ്മണരെയെല്ലാം വേണ്ടവിധം സൽക്കരിച്ചു. ഋത്വിക്കുകളോടൊപ്പം അവരെല്ലാം ഇരുന്നപ്പോൾ ബുദ്ധിമാനായ സൂതൻ രോമഹർഷണൻ[1] അവിടേക്കു വന്നു.

മുനിശ്രേഷ്ഠന്മാർ അദ്ദേഹത്തെ സന്തോഷത്തോടെ എഴുന്നേറ്റു വന്ദിച്ചു. അദ്ദേഹവും അവരെ പ്രത്യഭിവാദനം ചെയ്ത് ശ്രേഷ്ഠാസനത്തിൽ ഇരുന്നു. സൂതനും ബ്രാഹ്മണരും പരസ്പരം കുശലാന്വേഷണം നടത്തി.

അനന്തരം ഋത്വിക്കുകളോടും സദസ്യരോടുമൊപ്പം മുനിമാർ സൂതനോട് ചോദിച്ചു: 'ഹേ ശ്രേഷ്ഠ, ഇതിഹാസ-പുരാണ-ആഗമശാസ്ത്രങ്ങളും ദേവന്മാരുടെയും ദൈത്യന്മാരുടെയും ചരിത്രവും ജന്മവും കർമ്മവും താങ്കൾക്ക് അറിയാം. വേദത്തിലും ശാസ്ത്രത്തിലും ഭാരതത്തിലും അങ്ങേയ്ക്ക് അറിയാത്തതായി ഒന്നുംതന്നെ ഇല്ല. ഹേ മഹാമതെ, പുരാണങ്ങളിലും മോക്ഷശാസ്ത്രത്തിലും താങ്കൾ സർവ്വജ്ഞനുമാണ്. സുരാസുരഗന്ധർവ്വന്മാരോടും യക്ഷോരഗരാക്ഷസന്മാരോടുംകൂടിയ, സർവ്വചരാചരങ്ങളും അടങ്ങിയ ജഗത് ഉത്ഭവിച്ച ക്രമത്തിൽ ഞങ്ങൾ കേൾക്കുവാൻ ആഗ്രഹിക്കുന്നു. അല്ലയോ സൂതാ, എല്ലാം പറഞ്ഞുതന്നാലും. ഈ സർവ്വലോകവും എന്തായിരുന്നു? എന്താകുന്നു? എന്തായിത്തീരും? ഏതിൽനിന്ന് ലോകവും ചരാചരങ്ങളും സൃഷ്ടിക്കപ്പെട്ടു? അവ ഏതിൽനിന്ന് ലയിച്ചിരുന്നു? എവിടെ ലീനമാകും? എന്നുള്ളതെല്ലാം വിസ്തരിച്ചാലും.'

രോമഹർഷണൻ പറഞ്ഞു: അവികാരനും ഗോപ്യനും(ഗുഹ്യനും) നിത്യനും സദാ ഏകരൂപനും ജയശീലനും പരമാത്മാവുമായ വിഷ്ണുവിനും ഹിരണ്യഗർഭനും[2] (ബ്രഹ്മാവിനും)ഹരിക്കും ശങ്കരനും നമോവാകം.

സൃഷ്ടിസ്ഥിത്യന്തകാരിയും ഏകാനേകരൂപിയും സ്ഥൂലസൂക്ഷ്മാത്മാവുമായ വാസുദേവനെ നമിക്കുന്നു. വ്യക്താവ്യക്തരൂപിയും മുക്തിഹേതുവുമായ വിഷ്ണുവിനെയും പ്രണമിക്കുന്നു.

ലോകത്തിന്റെ സൃഷ്ടിസ്ഥിതിവിനാശങ്ങൾക്ക് മൂലകാരണഭൂതനും ജഗന്മയനുമായ പരമാത്മരൂപിയായ വിഷ്ണുവിനു നമസ്കാരം

വ്യക്താവ്യക്തരൂപിയും മോക്ഷപ്രദനും ലോകത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരകാരണനും ജ്ഞാനസ്വരൂപനും സർവ്വഭൂതസ്വരൂപനുമായ പരമാത്മാവായ വിഷ്ണുവിനു പ്രണാമം. മഹത്തും അണുവുമായിരിക്കുന്ന ലോകങ്ങൾക്ക് ആധാരഭൂതനും സർവ്വഭൂതനിവാസിയും ജ്ഞാനസ്വരൂപിയും അത്യന്തം നിർമ്മലനും അച്യുതനുമായ പുരുഷോത്തമനെ വന്ദിക്കുന്നു.

1. രോമഹർഷണൻ(ലോമഹർഷണൻ) വ്യാസന്റെ പ്രസിദ്ധനായ ശിഷ്യനാണ്. വ്യാസൻ പുരാണശേഖരം ഇദ്ദേഹത്തിന് നൽകി. സുമതി, അഗ്നിവർചസ്, മൈത്രേയു, ശാംശപായനൻ, അകൃതവ്രണൻ, സാവർണ്ണി എന്നീ ആറുപേർ രോമഹർഷണന്റെ ശിഷ്യന്മാരാണ്. വായുപുരാണമനുസരിച്ച് ഈ പേരിന്റെ വ്യുത്പത്തി ഇങ്ങനെയാണ്:

   *രോമാനി ഹർഷയാഞ്ചക്രേ ശ്രോതണാം യത്സുഭാഷിതൈഃ*
   *കർമ്മണാ പ്രഥിതസ്തേന ലോക്യേ സ്മിൻ രോമഹർഷണഃ*

   'രലയോരഭേദഃ' എന്ന ന്യായമനുസരിച്ച് ലോമഹർഷണൻ എന്നും പറയാറുണ്ട്.
2. ജലത്തിൽ നിക്ഷേപിച്ച പ്രാക്തനമായ സ്വർണ്ണ(ഹിരണ്യം)മയമായ അണ്ഡത്തിൽനിന്നാണ് ബ്രഹ്മാവ് ജനിച്ചത്.

ലോകം മുഴുവനും തന്നിലൊതുക്കിയവനും സൃഷ്ടിസ്ഥിതികർത്താവും സർവ്വജ്ഞനും ലോകനാഥനും ജനനമരണാതീതനും നാശമില്ലാത്തവനും ആദ്യനും അനന്തനും സൂക്ഷ്മരൂപിയുമായ വിഷ്ണുവിനെയും ബ്രഹ്മാദി ദേവന്മാരെയും പ്രണമിച്ച് ഇതിഹാസപുരാണജ്ഞനും വേദവേദാംഗ ജ്ഞാനി[1]യും സർവ്വശാസ്ത്രനിപുണനും (സർവ്വശാസ്ത്രതത്ത്വജ്ഞനും) ആയ പരാശരപുത്രനായ ഗുരുവിനെയും[2] പ്രണമിച്ച് വേദതുല്യമായ പുരാണത്തെ പ്രതിപാദിക്കാം. മുൻപ് ദക്ഷനും ശ്രേഷ്ഠമുനിമാർക്കും പത്മയോനിയായ ബ്രഹ്മാവ്[3] ഉപദേശിച്ചപ്രകാരം ഞാൻ പറഞ്ഞുതരാം.

അർത്ഥസമ്പന്നവും പാപമോചകവും വേദത്തിൽ സൂചിപ്പിച്ചിട്ടുള്ളതുമായ വിചിത്രകഥ നിങ്ങൾ സശ്രദ്ധം ശ്രവിച്ചാലും.

ഈ കഥ ആവർത്തിച്ചു കേൾക്കുകയും അത് സ്മൃതിപഥത്തിൽ സൂക്ഷിച്ചുവയ്ക്കുകയും ചെയ്യുന്നവൻ സ്വന്തം വംശത്തെ നിലനിർത്തി സ്വർഗ്ഗലോകത്ത് പൂജ്യനായിത്തീരുന്നു.

പ്രധാനമെന്നത് സദസദാത്മകമായ അവ്യക്തവും നിത്യവുമായ കാരണമാണ്. അതിൽനിന്ന് ഈശ്വരൻ–പുരുഷൻ–വിശ്വത്തെ സൃഷ്ടിച്ചു.

അല്ലയോ മുനിശ്രേഷ്ഠരേ, അദ്ദേഹത്തെ നിങ്ങൾ അതിതേജസ്വിയായ ബ്രഹ്മാവെന്നറിഞ്ഞാലും. സർവ്വഭൂതസ്രഷ്ടാവും അനശ്വരനും നിത്യസ്വരൂപിയുമായ ഹരിയും അദ്ദേഹംതന്നെ.

അഹങ്കാരത്തിൽനിന്ന് മഹത്തും മഹത്തിൽനിന്ന് സർവ്വഭൂതങ്ങളും സർവ്വഭൂതങ്ങളിൽനിന്ന് ജീവജാലങ്ങളും ജന്മമെടുത്തു. ഇതാണ് സനാതനമായ സൃഷ്ടി.

കേട്ടതിൻപ്രകാരം ബുദ്ധിക്കും ഭാവനയ്ക്കും അനുസൃതമായി വിവിധ ഭാഗങ്ങളുടെ വിശദവർണ്ണനയാൽ മോടിപിടിപ്പിക്കപ്പെട്ട ആ പുരാണം നിങ്ങൾ ശ്രദ്ധയോടെ കേട്ടാലും. അത് നിങ്ങളുടെ എല്ലാവരുടെയും കീർത്തിയെ വർദ്ധിപ്പിക്കുകതന്നെചെയ്യും. പുണ്യകർമ്മങ്ങൾ അനുഷ്ഠിച്ചവരുടെയും സ്ഥിരപ്രതിഷ്ഠനേടിയവരുടെയും കഥകൾ ഇതിൽ പ്രകീർത്തിക്കപ്പെടുന്നു.

വിവിധ പ്രജകളെ (ജീവികളെ) സൃഷ്ടിക്കാൻ ആഗ്രഹിച്ച സ്വയംഭൂവായ ബ്രഹ്മാവ് ആദ്യം ജലം സൃഷ്ടിച്ചു. അതിൽ വീര്യം നിറച്ചു. ജലത്തെ 'നാര'[4]മെന്നു വിളിച്ചു. ജലം നരപുത്രന്മാരാണ്. നാരം ഭഗവാന്റെ

1. വേദവേദാംഗങ്ങൾ–വേദങ്ങൾ നാല്: ഋക്, യജുസ്, സാമം, അഥർവ്വം.
   വേദാംഗങ്ങൾ ആറ്– വ്യാകരണം, ജ്യോതിഷം, ശിക്ഷ, കല്പം, നിരുക്തം, ഛന്ദസ്.
2. പരാശരൻ– വ്യാസന്റെ പിതാവ്. പരാശരന് കന്യകയായ സത്യവതിയെന്ന മുക്കുവസ്ത്രീയിൽ ജനിച്ച പുത്രനാണ് വ്യാസൻ. സത്യവതി പിന്നീട് ഹസ്തിനപുരിയിലെ രാജാവായ ശന്തനുവിനെ വിവാഹം കഴിച്ചു.
3. അബ്ജയോനി–പുരാണങ്ങളിൽ പറയുന്നത് വിഷ്ണുവിന്റെ നാഭിയിൽനിന്നും ഒരു താമരയുണ്ടായി എന്നും അതിൽ ബ്രഹ്മാവ് ജനിച്ചുവെന്നുമാണ്. താമരയിൽ ഇരുന്നുകൊണ്ട് ബ്രഹ്മാവ് തപസ്സനുഷ്ഠിച്ചു. അനന്തരം സൃഷ്ടികർമ്മങ്ങൾ ചെയ്തുപോന്നു എന്നാണ് ശ്രുതി. പദ്മാസനൻ, പത്മഭൂ എന്നെല്ലാം ബ്രഹ്മാവിന്റെ പേരുകളാണ്.
4. നരനിൽനിന്നും (മനുഷ്യനിൽനിന്നും) ഉണ്ടായത്.
   മനുസ്മൃതി:

   *ആപോ നാരാ ഇതി പ്രോക്താ ആപോ വൈ നരസൂനവഃ*
   *താ യദസ്യായനം പൂർവ്വം തേന നാരായണഃ സ്മൃതഃ*

ആദ്യത്തെ ആശ്രയം(അയനം) ആയതുകൊണ്ട് അദ്ദേഹം നാരായണ നെന്നു സ്മരിക്കപ്പെട്ടു. വെള്ളത്തിൽ ഒഴുകി നടക്കുന്ന ഒരു സ്വർണ്ണഗർഭ മായ അണ്ഡം ഉണ്ടായി.

അതിൽനിന്നും സ്വയം ബ്രഹ്മാവ് ജനിച്ചു. നമ്മൾ ബ്രഹ്മാവിനെ സ്വയംഭൂ വെന്നു സ്മരിച്ചു. സ്വർണ്ണവർണ്ണനായ ഭഗവാൻ ഒരു വർഷക്കാലം അതിൽ വസിച്ച് അതിനെ രണ്ടായി വിഭജിച്ച് സ്വർഗ്ഗവും ഭൂമിയും രചിച്ചു. ഈ രണ്ടു ഖണ്ഡങ്ങളുടെയും മധ്യത്തിൽ ആകാശത്തെ സൃഷ്ടിച്ചു.

വെള്ളത്തിൽ ഒഴുകുന്ന ഭൂമിക്ക് പത്തു ദിക്കുകളും കാലവും മനസ്സും വാക്കും സ്നേഹവും കാമവും ക്രോധവും സന്തോഷവുമെല്ലാം സൃഷ്ടിച്ചു നല്കി.

അതിനു യോജിച്ചവിധത്തിൽ പ്രജാപതികളെ സൃഷ്ടിക്കാൻ ആഗ്ര ഹിച്ച അദ്ദേഹം മരീചി, അത്രി, അംഗിരസ്, പുലസ്ത്യൻ, പുലഹൻ, ക്രതു, വസിഷ്ഠൻ എന്നീ ഏഴ് തേജസ്വികളായ മാനസപുത്രന്മാരെ സൃഷ്ടിച്ചു. പുരാണങ്ങളിൽ ഇവർ 'ഏഴ് ബ്രഹ്മാക്കൾ' എന്നറിയപ്പെട്ടു.

നാരായണാത്മകരായ ഈ ഏഴ് ബ്രഹ്മപുത്രന്മാർക്കുശേഷം ബ്രഹ്മാവ് ക്രോധത്തിൽനിന്നും രുദ്രനെയും മുൻപുള്ളവരിലും മുൻപനായി വിഭുവായ (സർവ്വവ്യാപിയായ) സനത്കുമാരനെയും സൃഷ്ടിച്ചു. അല്ലയോ ബ്രാഹ്മ ണരേ, ഈ ഏഴുപേരിൽനിന്നാണ് പ്രജകളും രുദ്രന്മാരും സൃഷ്ടിക്കപ്പെട്ടത്.



ബ്രഹ്മാവ്

സ്കന്ദനും സനത്കുമാരനും തങ്ങളുടെ തേജസ്സിനെ ഒതുക്കിക്കൊണ്ട് നിലകൊണ്ടു. ഈ ഏഴു ബ്രഹ്മന്മാരിൽനിന്നും ദേവഗണങ്ങളോടുകൂടിയ മഹർഷിമാരാൽ അലങ്കരിക്കപ്പെട്ട ദിവ്യമായ ഏഴു വലിയ വംശങ്ങളുണ്ടായി. ബ്രഹ്മൻ മിന്നലിനെയും ഇടിവെട്ടിനെയും മേഘത്തെയും ചുവന്ന ഇന്ദ്ര ധനുസ്സിനെയും പക്ഷികളെയും പർജന്യ(മേഘരാജൻ)നെയും സൃഷ്ടിച്ചു. യാഗാദികൾക്കായി ഋക്, യജുസ്, സാമം, എന്നീ വേദങ്ങളും സൃഷ്ടിക്കപ്പെട്ടു.

അദ്ദേഹം സാദ്ധ്യന്മാരെയും മറ്റു ദേവന്മാരെയും സൃഷ്ടിച്ചു. ബ്രഹ്മശരീരത്തിൽനിന്നു വലുതും ചെറുതുമായ ജീവജാലങ്ങൾ ജന്മമെടുത്തു. പ്രജാപതി ഇത്രയും വലിയ ഒരു സൃഷ്ടി നടത്തിയെങ്കിലും സൃഷ്ടിക്കപ്പെട്ട പ്രജകൾ വർദ്ധിക്കാതിരുന്നതിനാൽ അദ്ദേഹം തന്റെ ശരീരത്തെ രണ്ടായി വിഭജിച്ചു. ഒരു പകുതി പുരുഷനും മറുപകുതി സ്ത്രീയുമായിത്തീർന്നു. ആ സ്ത്രീയിൽനിന്നും പല വിധത്തിലുള്ള പ്രജകളെ സൃഷ്ടിച്ചു.

തന്റെ മഹിമയാൽ ആകാശത്തിലും ഭൂമിയിലും വ്യാപിച്ച് നിറഞ്ഞു നില്ക്കുന്ന വിഷ്ണു വിരാടിനെ സൃഷ്ടിച്ചു. ആ വിരാട് പുരുഷനെ സൃഷ്ടിച്ചു.

ആ പുരുഷനാണ് മനുവെന്നറിഞ്ഞാലും. മന്വന്തരം ബ്രഹ്മാവിന്റെ രണ്ടാമത്തെ മാനസപുത്രനായ മനുവിന്റെ ഭരണകാലമാണ്.

പ്രജാസൃഷ്ടിയിൽ പ്രഭുവായ ആ വൈരാജപുരുഷനാണ് (വിരാടിന്റെ പുത്രൻ) പ്രജകളെ സൃഷ്ടിച്ചത്. നാരായണന്റെ സൃഷ്ടികളും വിരാട്പുരുഷന്റെ സൃഷ്ടികളും അയോനിജരായിരുന്നു.

ഈ ആദിമ സൃഷ്ടിയെക്കുറിച്ച് അറിയുന്നവൻ ആയുഷ്മാനും കീർത്തിമാനും പുത്രകളത്രത്തോടുകൂടിയവനും ആയിത്തീരും. മാത്രമല്ല അയാളുടെ ആഗ്രഹങ്ങളെല്ലാം സഫലമാകുകയും ചെയ്യുമത്രെ. പ്രജാപതിയായ ആപവൻ പ്രജകളെ സൃഷ്ടിക്കുവാൻ ആഗ്രഹിച്ചു. അദ്ദേഹത്തിന് അയോനിജയായ ശതരൂപയെ പത്നിയായി ലഭിച്ചു.

ആപവൻ തന്റെ പ്രഭാവംകൊണ്ട് സ്വർഗ്ഗത്തിലും നിറഞ്ഞുനിന്നു. ഹേ മുനിശ്രേഷ്ഠരെ, അദ്ദേഹത്തിന്റെ ധർമ്മത്താൽതന്നെയാണ് ശതരൂപ ജന്മംകൊണ്ടതും.

അവൾ പതിനായിരം വർഷം തീവ്രതപസ്സനുഷ്ഠിച്ച് തപസ്സിനാൽ ജ്വലിക്കുന്ന പുരുഷനെ ഭർത്താവായി നേടി.

അല്ലയോ ബ്രഹ്മണരേ, ആ പുരുഷനെയാണ് സ്വായംഭൂവമനു എന്നു വിളിക്കുന്നത്. അദ്ദേഹത്തിന്റെ ഒരു മന്വന്തരത്തെ ഇവിടെ എഴുപത്തിഒന്ന് യുഗമായി കണക്കാക്കുന്നു.

ശതരൂപയ്ക്ക് വൈരാജപുരുഷനിൽ പ്രിയവ്രതനെന്നും ഉത്താനപാദനെന്നും പേരുള്ള രണ്ടു ധീരരായ പുത്രന്മാരും കാമ്യ എന്നൊരു പുത്രിയും ജനിച്ചു. കാമ്യ കർദ്ദമപ്രജാപതിയുടെ പത്നിയായി. കാമ്യയുടെ നാലു പുത്രന്മാരാണ് സമ്രാട്, കുക്ഷി, വിരാട്, പ്രഭു എന്നിവർ. അത്രിപ്രജാപതി ഉത്താനപാദനെ പുത്രനായി ദത്തെടുത്തു. സൂനൃതയ്ക്ക് ഉത്താനപാദനിൽ നാലു പുത്രന്മാർ ജനിച്ചു.

ധർമ്മന്റെ പുത്രി സുശ്രോണിയാണ് സൂനൃതാ[1] എന്ന പേരിൽ പ്രസിദ്ധയായത്. അശ്വമേധഫലമായി ജനിച്ച അവളാണ് പ്രസിദ്ധയായ ധ്രുവമാതാവ്.

പ്രജാപതി ഉത്താനപാദന് സൂനൃതയിൽ ധ്രുവൻ, കീർത്തിമാൻ, ആയുഷ്മാൻ, വസു എന്നിങ്ങനെ നാലു പുത്രന്മാരുണ്ടായി.

ഭാഗ്യവാനായ ധ്രുവൻ വലിയ യശസ്സിനുവേണ്ടി മൂവായിരം ദിവ്യവർഷങ്ങൾ തപസ്സനുഷ്ഠിച്ചു.

അവനിൽ പ്രസന്നനായ ബ്രഹ്മപ്രജാപതി സപ്തർഷിമാരുടെ മുൻപിൽ തന്നെ അവന് തനിക്കു തുല്യമായ ഒരു അചഞ്ചലസ്ഥാനം നൽകി.

അവന്റെ അഭിമാനവും മഹത്ത്വവും അഭിവൃദ്ധിയും കണ്ടിട്ട് മുൻപ് ദേവാസുരഗുരുവായ ഉശനസ്സ് ഇപ്രകാരം സ്തുതിഗീതം ചൊല്ലി: "ആശ്ചര്യം തന്നെ. അവന്റെ തപസ്സിന്റെ വീര്യം, അവന്റെ അറിവും അത്ഭുതാവഹം തന്നെ. സപ്തർഷിമാർപോലും അവനെ മുൻപിലാക്കി നിലകൊള്ളുന്നു."

ശംഭു (ധ്രുവപത്നി) ആ ധ്രുവനിൽനിന്നും ശ്ലിഷ്ടൻ, ഭവ്യൻ എന്നീ രണ്ടു പുത്രന്മാർക്ക് ജന്മം നൽകി. ശ്ലിഷ്ടന് സുച്ഛായയിൽ ഉത്കൃഷ്ടരായ അഞ്ചു പുത്രന്മാർ ജനിച്ചു.

അവരാണ് രിപു, പുരഞ്ജയൻ, പുത്രൻ, വൃകലൻ, വൃകതേജസ്സ് എന്നിവർ. ബൃഹതി, രിപുവിൽനിന്നും ചാക്ഷുഷൻ എന്നു പേരായ സർവ്വതേജസ്വിയായ ഒരു പുത്രനെ ഗർഭം ധരിച്ചു.

ഹേ വീരമുനിമാരേ, വൈരാജപ്രജാപതിയുടെ പുത്രിയായ നഡ്വലയിൽ മനുവിന് പത്ത് മഹാ തേജസ്വികളായ പുത്രന്മാർ ജനിച്ചു.

അതിൽ ആദ്യത്തെ ഒമ്പതുപേർ കുത്സൻ, പുരു, ശതദ്യുമ്നൻ, തപസ്വി, സത്യവാക്, കവി, അഗ്നിഷ്ടുബ്, അതിരാത്രൻ, സുദ്യുമ്നൻ എന്നിവരാണ്. പത്താമൻ അഭിമന്യുവാണ് (ഈ തേജസ്വികളായ പുത്രന്മാർ നഡ്വലയ്ക്ക് ജനിച്ചവരാണ്). പുരുവിൽ ആഗ്നേയിക്ക് മഹാപ്രഭാവത്തോടുകൂടിയ അംഗൻ സുമനസ്സ്, ഖ്യാതി, ക്രതു, അംഗിരസ്, ഗയൻ എന്നിങ്ങനെ ആറു പുത്രന്മാർ ജനിച്ചു. അംഗനിൽനിന്നും സുനിതയ്ക്ക് വേനനെന്നൊരു പുത്രനുണ്ടായി. വേനന്റെ ദുർന്നടപ്പുകൊണ്ട് വലിയൊരു കോളിളക്കംതന്നെ ഉണ്ടായി. ഋഷിമാർ ഒരു പുത്രനുവേണ്ടി വേനന്റെ വലതുകൈ കടഞ്ഞു.

വേനന്റെ കൈ കടഞ്ഞപ്പോൾ ഒരു മഹാനായ നൃപൻ(രാജാവ്) ജനിച്ചു. അതു കണ്ട് മുനിമാർ ഇപ്രകാരം പറഞ്ഞു: "ഇവൻ പ്രജകളെ സന്തോഷിപ്പിക്കും. വലിയ തേജസ്സും കീർത്തിയും സമ്പാദിക്കും. ഇവൻ വില്ലോടും കവചത്തോടുംകൂടി ജനിക്കുകയും അഗ്നിപോലെ ജ്വലിക്കുകയും ചെയ്യും." വേനപുത്രനായ പൃഥു ഭൂമിയെ രക്ഷിച്ചു. പ്രായംകൂടിയ ക്ഷത്രിയചക്രവർത്തിയായ അദ്ദേഹം രാജസൂയയാഗ[2]ത്തോടെ അഭിഷേകം ചെയ്യപ്പെട്ടവരിൽ ആദ്യനും മുൻപനുമായിരുന്നു.

ഹേ ബ്രാഹ്മണശ്രേഷ്ഠരേ, പ്രജകളുടെ ജീവിതവൃത്തിക്കുവേണ്ടി പൃഥുരാജാവ് ദേവന്മാരോടും ഋഷിമാരോടും പിതൃക്കളോടും ഗന്ധർവ്വ

1. സൂനൃതാ അഥവാ സുനീതി
2. രാജാവായി അഭിഷേകം ചെയ്യുമ്പോൾ അനുഷ്ഠിക്കുന്ന യജ്ഞം. മഹാഭാരതത്തിൽ യുധിഷ്ഠിരന്റെ രാജസൂയയാഗം വിസ്തരിച്ച് വർണ്ണിക്കുന്നുണ്ട്.



ന്മാരോടും അപ്സരസ്സുകളോടും നാഗന്മാരോടും പുണ്യജനങ്ങളോടും വള്ളികളോടും കൂടി ഭൂമിയെ കറന്നെടുത്തു. ഭൂമി അവർ ആഗ്രഹിച്ച പോലെ പാത്രം നിറച്ച് പാൽ ചുരത്തിക്കൊടുത്തു. അങ്ങനെ അവർ ജീവിതവൃത്തി നിലനിർത്തി. യാഗാവസാനത്തിൽ പൃഥുവിന് അന്തർദ്ധി യെന്നും പാതിനനെന്നും പേരുള്ള രണ്ടു ധർമ്മിഷ്ഠരായ പുത്രന്മാർ ജനിക്കുകയും ചെയ്തു.

അന്തർദ്ധാനന് ശിഖണ്ഡിനിയിൽ ഹവിർദ്ധാനൻ ജനിച്ചു. അഗ്നിപുത്രി യായ ധിഷണാ ഹവിർദ്ധാനനിൽനിന്നും പ്രാചീനബർഹിസ്, ശുക്രൻ, ഗയൻ കൃഷ്ണൻ, വ്രജൻ, അജിനൻ എന്നിങ്ങനെ ആറു പുത്രന്മാർക്ക് ജന്മം നൽകി. ഭഗവാൻ പ്രാചീനബർഹിസ് മഹാനായ പ്രജാപതിയായിരുന്നു.

അല്ലയോ ശ്രേഷ്ഠമഹർഷിമാരേ, ഹവിർധാനനുശേഷം (ഭൂതലസഞ്ചാരികളായ)പ്രജകളെ രക്ഷിക്കുകയും പാലിക്കുകയും ചെയ്തത് ഭഗവാൻ പ്രാചേതസായിരുന്നു. മഹാതപസ്സിന്റെ അവസാനത്തിൽ അദ്ദേഹം സമുദ്രപുത്രിയായ സവർണ്ണയെ വിവാഹം ചെയ്തു. സവർണ്ണ പ്രാചീന ബർഹിസിൽനിന്നും പത്തു പുത്രന്മാർക്കു ജന്മം നൽകി. പ്രാചേതസ്സുകൾ എന്നറിയപ്പെട്ട അവർ ധനുർവ്വേദത്തിൽ സമർത്ഥരായി. ഒന്നിച്ചു ധർമ്മാനുഷ്ഠാനങ്ങൾ നടത്തിയ അവർ പതിനായിരം വർഷക്കാലം സമുദ്രത്തിലെ ജലത്തിൽ മുങ്ങിക്കിടന്ന് കഠിനതപസ്സനുഷ്ഠിച്ചു.

പ്രാചേതസ്സുകൾ തപസ്സനുഷ്ഠിക്കാൻ തുടങ്ങിയപ്പോൾ ഭൂമിയെ പാലിക്കാൻ ആളില്ലാതായി. പ്രജാക്ഷയവും സംഭവിച്ചു. വൃക്ഷങ്ങളെല്ലാം ഭൂമിക്കു ചുറ്റും വളർന്നു കാടുപിടിച്ചു. വൃക്ഷങ്ങൾ ഇടതൂർന്നു വളർന്നതുകാരണം കാറ്റിന് വീശാൻ കഴിയാതെയായി. പ്രജകൾക്ക് ചലിക്കാൻ പോലും കഴിയാതെ പതിനായിരം വർഷങ്ങൾ കഴിഞ്ഞു. തപസ്സിൽ മുഴുകിയിരുന്ന പ്രാചേതസ്സുകൾ ഇതറിഞ്ഞ് കോപിഷ്ഠരായി വായിൽനിന്നും കാറ്റും അഗ്നിയും പുറത്തേക്കു പ്രവഹിപ്പിച്ചു. കാറ്റ് വൃക്ഷങ്ങളെ കടപുഴക്കി വീഴ്ത്തുകയും അഗ്നി അവയെ കത്തിച്ച് ചാമ്പലാക്കുകയും ചെയ്തു. ഇപ്രകാരം ഘോരമായ വൃക്ഷനാശം സംഭവിച്ചു.

വളരെ കുറച്ച് വൃക്ഷങ്ങൾ മാത്രം ശേഷിക്കേ സോമൻ പ്രാചേതസ്സുകളെ സമീപിച്ച് പറഞ്ഞു:

'അല്ലയോ പ്രാചീനബർഹിസിന്റെ പുത്രന്മാരേ, ഭൂമി വൃക്ഷശൂന്യയായി. നിങ്ങളുടെ കോപം ശമിപ്പിച്ച് അഗ്നിയെയും മാരുതനെയും പിൻവലിച്ചാലും.

ഭാവി മനസ്സിലാക്കിയ ഞാൻ വെളുത്തുതുടുത്ത, കാടിന്റെ രത്നവും സുന്ദരിയുമായ പെൺകുട്ടിയെ എന്റെ ഗർഭത്തിൽ ധരിച്ചു. കാടിന്റെ പുത്രിയായ ഇവളുടെ പേര് മാരിഷാ എന്നാണ്. അല്ലയോ ഭാഗ്യവാന്മാരേ, സോമവംശം വർദ്ധിപ്പിക്കുന്ന ഇവൾ നിങ്ങളുടെ പത്നിയാകും.

നിങ്ങളുടെ തേജസ്സിന്റെ അർദ്ധത്താലും എന്റെതന്നെ തേജസ്സിന്റെ അർദ്ധത്താലും ഇവളിൽ പണ്ഡിതനായ ദക്ഷപ്രജാപതി ജന്മമെടുക്കും.

അഗ്നിതുല്യനായ ദക്ഷൻ നിങ്ങളുടെ അഗ്നിതേജസ്സിനാൽ ദഹിപ്പിക്കപ്പെട്ട ഈ ഭൂമിയെ പുനരുജ്ജീവിപ്പിക്കുകയും സമ്പന്നമാക്കുകയും ചെയ്യും.

സോമന്റെ നിർദ്ദേശപ്രകാരം പ്രാചേതസ്സുകൾ വൃക്ഷങ്ങളുടെ നേർക്കുള്ള അവരുടെ കോപം ശമിപ്പിച്ച് മാരിഷയെ വിധിയാംവണ്ണം പത്നിയായി സ്വീകരിച്ചു.

സോമന്റെ അംശത്തോടെ പ്രാചേതസ്സുകൾക്ക് മാരിഷയിൽ മഹാതേജസ്വിയായ ദക്ഷപ്രജാപതി ജനിച്ചു.

ആ ദക്ഷൻ മനസ്സുകൊണ്ട് സ്ഥാവരജംഗമവസ്തുക്കളെ സൃഷ്ടിച്ച്, ഇരുകാലികളെയും നാല്ക്കാലികളെയും സൃഷ്ടിച്ചതിനുശേഷം സ്ത്രീകളെ സൃഷ്ടിച്ചു.

ദക്ഷപ്രജാപതി തന്റെ പത്തു പെൺമക്കളെ ധർമ്മനും പതിമൂന്നു പേരെ കശ്യപനും ബാക്കിയുള്ള ഇരുപത്തിയേഴുപേരെ ഇരുപത്തേഴു നക്ഷത്രങ്ങളുടെ പേരും വച്ച് സോമനും നല്കി.

അവരിൽനിന്നു ദേവന്മാരും പക്ഷികളും പശുക്കളും പാമ്പുകളും ദൈത്യന്മാരും ദാനവന്മാരും ഗന്ധർവ്വന്മാരും അപ്സരസ്സുകളും മറ്റുജാതിക്കാരായ ജനങ്ങളും ജനിച്ചു.

അല്ലയോ ശ്രേഷ്ഠബ്രാഹ്മണരേ, അതിനുശേഷം മാത്രമാണ് സംഭോഗത്തിൽനിന്നും പ്രജകൾ ഉണ്ടായിത്തുടങ്ങിയത്. അതിനുമുമ്പ് സങ്കല്പത്തിൽനിന്നും ദർശനത്തിൽനിന്നും സ്പർശത്തിൽനിന്നുമാണ് പ്രജകൾ ജനിച്ചിരുന്നത്.

മുനിമാർ പറഞ്ഞു: ദേവന്മാരുടെയും ദാനവന്മാരുടെയും ഗന്ധർവ്വന്മാരുടെയും നാഗങ്ങളുടെയും രാക്ഷസന്മാരുടെയും മഹാത്മാവായ ദക്ഷപ്രജാപതിയുടെയും ഉത്പത്തിയെക്കുറിച്ച് ഞങ്ങൾ കേട്ടിട്ടുണ്ട്.

ശുഭവ്രതനായ ദക്ഷൻ, ബ്രഹ്മാവിന്റെ വലത്തേ തള്ളവിരലിൽനിന്നും അദ്ദേഹത്തിന്റെ പത്നി ഇടത്തേ തള്ളവിരലിൽനിന്നും ജനിച്ചതായി ഞങ്ങൾ കേട്ടിരിക്കുന്നു. എങ്ങനെ മഹാതപസ്വിയായ ദക്ഷൻ പ്രാചേതസ്സുകൾക്ക് ജനിച്ചു? അല്ലയോ സൂതാ, ഞങ്ങളുടെ സംശയം പരിഹരിച്ചാലും. എങ്ങനെ സോമന്റെ ചെറുമകൻ (ദൗഹിത്രൻ) അമ്മായിഅച്ഛന്റെ (ശ്വശുരന്റെ) സ്ഥാനം നേടി?

രോമഹർഷണൻ പറഞ്ഞു: അല്ലയോ ബ്രാഹ്മണരെ, ഉത്പത്തിയും നാശവും ജീവജാലങ്ങളുടെ ഇടയിൽ നിത്യേന നടക്കുന്നു. മുനിമാരും പണ്ഡിതരും അതിൽ വിഭ്രാന്തരാകാറില്ല.

ദക്ഷന്മാരും മറ്റു ജീവികളും എല്ലാ യുഗത്തിലും ജനിക്കുകയും നശിക്കുകയുംചെയ്യും. വിവരമുള്ളവൻ അതിൽ വേവലാതിപ്പെടാറില്ല.

അല്ലയോ ബ്രാഹ്മണശ്രേഷ്ഠരേ, മൂത്തവർ ഇളയവർ എന്ന വ്യത്യാസമൊന്നും ആദ്യകാലത്ത് ഉണ്ടായിരുന്നില്ല. തപസ്സാണ് ശ്രേഷ്ഠമായത്. പ്രഭാവമാണ് മുഖ്യ അളവുകോൽ.

ദക്ഷന്റെ ഈ ചരാചരസൃഷ്ടിയെക്കുറിച്ച് മനസ്സിലാക്കുന്നവൻ പുത്രകളത്രാദികളാൽ സമ്പന്നനായി ചിരഞ്ജീവിയായി സ്വർഗ്ഗലോകത്ത് പൂജ്യനാകും.

മുനിമാർ പറഞ്ഞു: അല്ലയോ രോമഹർഷണ, ദേവന്മാരുടെയും ദാനവരുടെയും ഗന്ധർവ്വന്മാരുടെയും രാക്ഷസന്മാരുടെയും നാഗങ്ങളുടെയും ഉത്പത്തിയെക്കുറിച്ച് വിസ്തരിച്ചാലും.

രോമഹർഷണൻ പറഞ്ഞു: മുമ്പ് ബ്രഹ്മാവ് ദക്ഷപ്രജാപതിയോട് പ്രജകളെ സൃഷ്ടിക്കുവാൻ നിർദ്ദേശിച്ചു. അല്ലയോ ബ്രാഹ്മണരേ, എങ്ങനെ അദ്ദേഹം സൃഷ്ടിച്ചു എന്ന് കേട്ടുകൊൾക.

പ്രജാപതി ജീവജാലങ്ങളെ മനസ്സുകൊണ്ടു സൃഷ്ടിച്ചു. അപ്രകാരം ഋഷിമാരെയും ഗന്ധർവ്വന്മാരെയും അസുരന്മാരെയും യക്ഷന്മാരെയും രാക്ഷസന്മാരെയും സൃഷ്ടിച്ചു.

തന്റെ മാനസിക സൃഷ്ടികൾ വർദ്ധിക്കാത്തതുകണ്ട് ധർമ്മിഷ്ഠനായ പ്രജാപതി പ്രജകൾക്കുവേണ്ടി ധർമ്മാനുസൃതമായ സംഭോഗത്തിലൂടെ പ്രജകളെ സൃഷ്ടിക്കുവാനായി വീരണപ്രജാപതിയുടെ പുത്രിയായ അസിക്നിയെ പത്നിയായി വരിച്ചു. അവൾ മഹാതപസ്വിനിയും ലോകത്തെ നിലനിർത്തുവാൻ സമർത്ഥയുമായിരുന്നു.

ദക്ഷപ്രജാപതിക്ക് അസിക്നിയിൽ അയ്യായിരം പുത്രന്മാരെ ലഭിച്ചു. മഹാഭാഗ്യവാന്മാരായ അവർ പ്രജകളെ വർദ്ധിപ്പിക്കുവാൻ ആഗ്രഹിച്ചു. അവരെ കണ്ടിട്ട് പ്രിയവാദിയായ നാരദമഹർഷി പറഞ്ഞവാക്കുകൾ അവരുടെ നാശത്തിനും സ്വന്തം ശാപത്തിനും വഴിതെളിച്ചു. മുൻപ് കശ്യപ മഹർഷി ദക്ഷന്റെ ശാപത്തെ ഭയന്ന് പുത്രശ്രേഷ്ഠനായ നാരദനെ ദക്ഷന്റെ പുത്രിയിൽ ജനിപ്പിച്ചു. ഈ നാരദൻ മുൻപ് ബ്രഹ്മാവിന്റെ പുത്രനായിരുന്നു. പിതാവായ ബ്രഹ്മാവിനെപ്പോലെ ദക്ഷനും പത്നിയായ വീരണപുത്രി അസിക്നിയിൽ വീണ്ടും നാരദനെ ജനിപ്പിച്ചു. ദക്ഷന്റെ പുത്രന്മാരായ ഹര്യശ്വന്മാർ എല്ലാവരുംതന്നെ നാരദനാൽ നശിപ്പിക്കപ്പെട്ടു. അമിതപരാക്രമിയായ ദക്ഷൻ നാരദനെ നശിപ്പിക്കുവാനൊരുങ്ങി. ബ്രഹ്മർഷിമാരെ മുൻപിൽ നിർത്തിക്കൊണ്ട് ബ്രഹ്മാവ് അദ്ദേഹത്തോട് കോപം അടക്കുവാൻ അഭ്യർത്ഥിച്ചു. ദക്ഷൻ ബ്രഹ്മാവുമായി ഒരു ഉടമ്പടിക്കു സമ്മതിച്ചു—തന്റെ പുത്രിയിൽ നാരദൻ ബ്രഹ്മാവിന്റെ പുത്രനായി ജനിക്കണമെന്ന്. ദക്ഷൻ തന്റെ പുത്രിയെ ബ്രഹ്മാവിനു നൽകുകയും ചെയ്തു. വീണ്ടും ശാപത്തെ ഭയന്ന് നാരദമഹർഷി അവളിൽ ജനിച്ചു. മുനിമാർ ചോദിച്ചു: ഹേ ഭഗവൻ, എങ്ങനെ പ്രജാപതിപുത്രന്മാരെ നാരദൻ നശിപ്പിച്ചു. അതിന്റെ സത്യം കേൾക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

രോമഹർഷണൻ പറഞ്ഞു: അതിശക്തരായ ഹര്യശ്വന്മാർ പ്രജകളെ വർദ്ധിപ്പിക്കുവാനുള്ള ആഗ്രഹത്തോടെ കടലിനടുത്ത് ഒരു സ്ഥലത്ത് എത്തിച്ചേർന്നു. അപ്പോൾ നാരദൻ അവരോടു പറഞ്ഞു:

വിഡ്ഢികളായ നിങ്ങൾ ഈ ഭൂമിയുടെ വലിപ്പത്തെയും വിസ്തീർണ്ണത്തെയുംകുറിച്ച് തീരെ വിവരമില്ലാത്തവരാണ്. എന്നിട്ടും പ്രാചേതസപുത്രന്മാരെ, നിങ്ങൾ പ്രജകളെ വർദ്ധിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ഭൂമിയുടെ അളവറിയാതെ എങ്ങനെ അതിനുള്ളിലും മുകളിലും താഴെയും പ്രജകളെ സൃഷ്ടിക്കും? അദ്ദേഹത്തിന്റെ വാക്കു കേട്ട് അവർ എല്ലാ ദിക്കുകളിലേക്കും പുറപ്പെട്ടു.

സമുദ്രത്തിൽ ലയിച്ച നദികളെപ്പോലെ ഇപ്പോഴും അവർ മടങ്ങിവന്നിട്ടില്ല. ഹര്യശ്വന്മാർ അപ്രത്യക്ഷരായപ്പോൾ പ്രാചേതസപുത്രനായ ദക്ഷൻ വീരണന്റെ പുത്രിയിൽ ആയിരം പുത്രന്മാരെ ജനിപ്പിച്ചു. ശബലാശ്വന്മാർ എന്നറിയപ്പെട്ട അവരും പ്രജകളെ വർദ്ധിപ്പിക്കുവാൻ ആഗ്രഹിച്ചു. നാരദൻ അവരോടും ഹര്യശ്വന്മാരോട് പറഞ്ഞ അതേകാര്യം പറഞ്ഞു. അവർ പരസ്പരം പറഞ്ഞു:

മഹർഷി പറഞ്ഞത് ശരിതന്നെ. സഹോദരന്മാരുടെ സ്ഥാനം കണ്ടുപിടിക്കുവാൻ നമ്മൾ പോകുകതന്നെ വേണം. അവരെ കണ്ടുപിടിച്ച് ഭൂമിയുടെ അളവ് അറിഞ്ഞാൽ നമുക്ക് വളരെ എളുപ്പത്തിൽ പ്രജകളെ സൃഷ്ടിക്കാം. ഇങ്ങനെ പറഞ്ഞ് അവരും അതേ മാർഗ്ഗത്തിലൂടെത്തന്നെ എല്ലാ ദിക്കുകളിലേക്കും പോയി. സമുദ്രത്തിലേക്കൊഴുകുന്ന നദികണക്ക് അവരും മടങ്ങിവന്നിട്ടില്ല.

അന്നുമുതൽക്ക്, അല്ലയോ ബ്രാഹ്മണരേ, നഷ്ടപ്പെട്ട സഹോദരരെ അന്വേഷിച്ചു പോകുന്ന സഹോദരനും നശിക്കുന്നു. അതുകൊണ്ട് ബുദ്ധിയുള്ള ഒരു സഹോദരനും നഷ്ടപ്പെട്ട സഹോദരനെ അന്വേഷിച്ച് പോകരുത്.

DC BOOKS

ആ പുത്രന്മാരും നഷ്ടപ്പെട്ടതറിഞ്ഞ് ദക്ഷപ്രജാപതി വീരണപുത്രിയിൽ അറുപത് പുത്രിമാരെ സൃഷ്ടിച്ചു.

അല്ലയോ ബ്രാഹ്മണരേ, മഹർഷിമാരായ കശ്യപനും സോമനും ധർമ്മനും മറ്റു മഹർഷിമാരും അവരെ പത്നിമാരായി സ്വീകരിച്ചു.

അദ്ദേഹം പത്തു പുത്രിമാരെ ധർമ്മനും പതിമൂന്നുപേരെ കശ്യപനും ഇരുപത്തിയേഴുപേരെ സോമനും നാലുപേരെ അരിഷ്ടനേമിക്കും രണ്ടുപേരെ ബഹുപുത്രനും രണ്ടുപേരെ അംഗിരസ്സിനും രണ്ടുപേരെ കൃശാശ്വനും വിവാഹം കഴിച്ചുകൊടുത്തു. അവരുടെ പേരുകൾ കേട്ടുകൊൾക:

ധർമ്മന്റെ പത്തു പത്നിമാർ-അരുന്ധതി, വസു, യമി, ലംബാ, ബാലാ, മരുത്വതീ, സങ്കല്പാ, മുഹൂർത്താ, സാദ്ധ്യാ, വിശ്വാ എന്നിവരാണ്. ബ്രാഹ്മണരേ, അവരുടെ പുത്രന്മാരെയും അറിഞ്ഞുകൊൾക: വിശ്വദേവന്മാർ വിശ്വയ്ക്കും സാദ്ധ്യന്മാർ സാദ്ധ്യയ്ക്കും മരുത്വന്മാർ മരുത്വതിക്കും ജനിച്ചു. വസുക്കൾ വസുവിന്റെ പുത്രന്മാരും ഭാനുക്കൾ ഭാനുവിന്റെ പുത്രന്മാരും മുഹൂർത്തജന്മാർ മുഹൂർത്തയുടെ പുത്രന്മാരുമായിരുന്നു. ഘോഷൻ ലംബയുടെ പുത്രനും നാഗവീഥി യമിയുടെ പുത്രിയുമായിരുന്നു. ഭൂമിയിലുള്ള സകല വസ്തുക്കളും അരുന്ധതിക്കും ലോകത്തിന്റെ ആത്മാവായ സങ്കല്പ, സങ്കല്പയ്ക്കും ജനിച്ചു. വൃഷലൻ യമിയുടെ പുത്രിയായ നാഗവീഥിക്കും ജനിച്ചു.

പ്രാചേതസപുത്രനായ ദക്ഷരാജാവ് സോമനു നല്കിയ ഇരുപത്തിയേഴ് പുത്രിമാർ നക്ഷത്രങ്ങളുടെ പേരിൽ അറിയപ്പെട്ട് ജ്യോതിശ്ശാസ്ത്രത്തെ പ്രകാശമാനമാക്കുന്നു.

ദേവന്മാരെന്നറിയപ്പെടുന്ന നക്ഷത്രങ്ങൾക്കും അപ്പുറത്തുള്ളവർ മറ്റുള്ള എട്ടു വസുക്കളാണ്. അവരെക്കുറിച്ച് ഞാൻ വിസ്തരിച്ചുതന്നെ പറയാം.

ആപൻ (അയൻ), ധ്രുവൻ, സോമൻ, ധവൻ, അനിലൻ, അനലൻ, പ്രത്യൂഷൻ, പ്രഭാസൻ, എന്നിവരാണ് എട്ടു വസുക്കൾ.

അയന്റെ (ആപന്റെ) പുത്രന്മാർ വൈതണ്ഡ്യൻ, ശ്രമൻ, ശ്രാന്തൻ, മുനി എന്നിവരാണ്. ധ്രുവന്റെ പുത്രനായ കാലൻ ലോകത്തിലെ കാലം നിർണ്ണയിക്കുന്നവനാണ്.

സോമന്റെ പുത്രനായ വർച്ചസ് ജനങ്ങളെ തേജസ്വികളാക്കുന്നു. ദ്രവിണനും ഹുതഹവ്യവാഹനും ധവന്റെ പുത്രന്മാരാണ്. മനോഹരയുടെ പുത്രന്മാർ ശിശിരൻ പ്രാണൻ, രമണൻ എന്നിവരാണ്.

ശിവ അനിലന്റെ പത്നിയായിരുന്നു. അവളിൽ അനിലന് മനോജനെന്നും അവിജ്ഞാതഗതി എന്നും പേരുള്ള രണ്ടു പുത്രന്മാരുണ്ടായി.

അഗ്നിയുടെ പുത്രനായ കുമാരൻ[1] ശരവനത്തിൽ തേജഃപുഞ്ജത്താൽ ചുറ്റപ്പെട്ടു. അയാളുടെ സഹോദരന്മാരാണ് ശാഖനും വിശാഖനും നൈഗമേയനും.

1. സുബ്രഹ്മണ്യൻ-സുബ്രഹ്മണ്യൻ ജനിച്ചപ്പോൾ അവനെ പാലുകൊടുത്ത് വളർത്തുവാനായി ആറു സ്ത്രീകളെ ഏർപ്പാടാക്കി. അവർ 'കൃത്തികകൾ' എന്നറിയപ്പെട്ടിരുന്നു. കൃത്തികകൾ വളർത്തിയതുകൊണ്ട് കുമാരൻ കാർത്തികേയനെന്നും അറിയപ്പെട്ടു. പുരാണങ്ങൾ സുബ്രഹ്മണ്യന് ആറു മുഖങ്ങളുള്ളതായി പറയുന്നു.

കൃത്തികകളുടെ വളർത്തുപുത്രനായതുകൊണ്ട് കുമാരനെ കാർത്തികേയനെന്നു വിളിക്കുന്നു. പ്രത്യൂഷന്റെ പുത്രനാണ് ദേവലനെന്ന മഹർഷി.

ദേവലന് അറിവും ക്ഷമയുമുള്ള രണ്ടു പുത്രന്മാരുണ്ടായിരുന്നു. ബൃഹസ്പതിയുടെ സഹോദരിയും ശ്രേഷ്ഠയുമായ യോഗസിദ്ധ ബ്രഹ്മവാദിനിയായിരുന്നു. അവൾ ലൗകികവിഷയങ്ങളിൽ ആസക്തയായി ലോകം മുഴുവൻ ചുറ്റിനടന്നു. പക്ഷേ, പിന്നീട് അഷ്ടവസുക്കളിൽ എട്ടാമനായ പ്രഭാസയുടെ പത്നിയായി.

മഹാഭാഗ്യവാനായ പ്രജാപതി വിശ്വകർമ്മാവ് അവളിൽ ജനിച്ചവനാണ്. അദ്ദേഹം ആയിരക്കണക്കിന് ശില്പങ്ങളുടെ രചയിതാവും ദേവന്മാരുടെ ശില്പിയും ആയിരുന്നു.

എല്ലാ ആഭരണങ്ങളുടെയും രചയിതാവായ അദ്ദേഹം ശില്പികളിൽ ഏറ്റവും ശ്രേഷ്ഠനുമായിരുന്നു. അദ്ദേഹമാണ് ദേവന്മാർക്ക് വിമാനം നിർമ്മിച്ചു കൊടുത്തത്.

മനുഷ്യരും ആ മഹാശില്പിയുടെ ശില്പവിദ്യയാലാണ് കഴിഞ്ഞുകൂടുന്നത്.

പതിവ്രതയായ സുരഭി തപസ്സിനാൽ പരിശുദ്ധയായി, മഹാദേവന്റെ പ്രസാദത്താൽ കശ്യപനിൽനിന്ന് പതിനൊന്നു രുദ്രന്മാർക്ക് ജന്മം നല്കി. അവർ ഹരൻ, ബഹുരൂപൻ, ത്ര്യംബൂൻ, അപരാജിതൻ, വൃഷാകപി, ശംഭു, കപർദ്ദി, രൈവതൻ, മൃഗവ്യാധൻ, ശർവ്വൻ, കപാലി എന്നിങ്ങനെ മൂന്നുലോകത്തിനും നാഥന്മാരായ പതിനൊന്നു പ്രസിദ്ധരായ രുദ്രന്മാരാണ്.

പരാക്രമികളായ രുദ്രന്മാരുടെ ഒരു നൂറ്റാണ്ട് പുരാണങ്ങളിൽ സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. ചരാചരാത്മകമായ ഈ ലോകത്തിൽ മുഴുവൻ ഇവർ വ്യാപിച്ചിരിക്കുന്നു.

കശ്യപപ്രജാപതിയുടെ ഭാര്യമാരുടെ പേരുകൾ അറിഞ്ഞാലും: അദിതി, ദിതി, ദനു, അരിഷ്ടാ, സുരസാ, ഖസാ, സുരഭി, വിനതാ, താമ്രാ, ക്രോധവശാ, ഇരാ, കദ്രു, മുനി. അവരുടെ സന്തതികളെക്കുറിച്ചും കേട്ടുകൊൾക.

പൂർവ്വമന്വന്തരത്തിൽ തുഷിതന്മാർ എന്ന പേരിൽ പന്ത്രണ്ട് ശ്രേഷ്ഠദേവന്മാർ ഉണ്ടായിരുന്നു. വൈവസ്വതമന്വന്തരത്തിൽ അവർ പരസ്പരം പറഞ്ഞു. അല്ലയോ ദേവന്മാരെ, കീർത്തികേട്ടവനായ ചാക്ഷുഷമനുവിന്റെ മന്വന്തരത്തിൽ ലോകനന്മയ്ക്കുവേണ്ടി നിങ്ങളെല്ലാവരും ഒത്തുചേർന്ന് വേഗം വന്ന് അദിതിയുടെ ഗർഭത്തിൽ പ്രവേശിച്ചാലും. ഞങ്ങളുടെ ഐശ്വര്യത്തിനുവേണ്ടി ഞങ്ങളും മന്വന്തരത്തിൽ ജനിച്ചുകൊള്ളാം. ഈവണ്ണം പറഞ്ഞ് അതിതേജസ്വികളായ അവരെല്ലാവരുംതന്നെ ചാക്ഷുഷമന്വന്തരത്തിൽ കശ്യപന്റെ പുത്രന്മാരായി അദിതിയിൽ ജനിച്ചു.

വിഷ്ണുവും ഇന്ദ്രനും അവിടെ വീണ്ടും ജനിച്ചു. വിഷ്ണുവിനോടും ഇന്ദ്രനോടുംകൂടിയ ഇവരാണ് ആ അതിതേജസ്വികളായ പന്ത്രണ്ട് ആദിത്യന്മാർ–അര്യമൻ, ധാതാവ്, ത്വഷ്ടാവ്, പൂഷൻ, വിവസ്വാൻ, സവിതാവ്, മിത്രൻ, വരുണൻ, അംശൻ, ഭഗൻ, അതിതേജൻ, രുദ്രൻ[1].

1. രുദ്രൻ ഉൾപ്പെടെയാണ് 12 ആദിത്യന്മാർ. ഈ പേര് മൂലകൃതിയിലില്ല.

ചാക്ഷുഷമന്വന്തരത്തിൽ ഈ ദേവന്മാർ തുഷിതർ എന്നറിയപ്പെട്ടു. വൈവസ്വത മന്വന്തരത്തിൽ ഈ പന്ത്രണ്ടുപേർ ആദിത്യന്മാർ എന്നു വിളിക്കപ്പെട്ടു.

മഹാവ്രതികളായ ഈ ഇരുപത്തിയേഴ് സോമപത്നിമാർക്ക് അളവറ്റ പ്രതാപത്തോടുകൂടിയ അത്യുജ്ജ്വലരായ പുത്രന്മാർ ജനിച്ചു.

അരിഷ്ടനേമിയുടെ പത്നിമാർക്ക് പതിനാറു പുത്രന്മാരുണ്ടായി. വിദ്വാനായ ബഹുപുത്രന് നാല് വിദ്യുതന്മാർ പുത്രന്മാരായി ജനിച്ചു. മുൻചാക്ഷുഷ മന്വന്തരത്തിൽ ഋക്കുകളെ ബ്രഹ്മർഷിമാർ ബഹുമാനിച്ചു. ദേവപ്രഹരണന്മാർ ദേവർഷിയായ കൃശാശ്വന്റെ പുത്രരായി അറിയപ്പെട്ടു.

ഇവർതന്നെ യുഗസഹസ്രാന്തത്തിൽ വീണ്ടും ജനിക്കുന്നു. ഇവരെല്ലാം ദേവഗണത്തിൽപെടും. അതിൽ മുപ്പത്തിമൂന്നുപേർ കാമനിൽനിന്നും ജനിച്ചവരാണ്. ആകാശത്തിൽ സൂര്യന് ഉദയവും അസ്തമയവും ഉണ്ടാകുന്നതുപോലെ ഓരോ യുഗത്തിലും ഇവർക്കു നാശവും ഉൽപത്തിയും ഉണ്ടാകും.

കശ്യപന് ദിതിയിൽ രണ്ടു പുത്രന്മാരുണ്ടായി എന്നു നമ്മൾ കേട്ടു. അവർ ഹിരണ്യകശിപുവും ഹിരണ്യാക്ഷനുമായിരുന്നു. സിംഹികാ എന്നു പേരുള്ള ഒരു പുത്രിയും അവർക്ക് ജനിച്ചു. അവൾ വിപ്രചിത്തിന്റെ പത്നിയായി. അതിബലവാന്മാരായ അവളുടെ പുത്രന്മാർ സൈംഹികേയർ എന്ന് അറിയപ്പെട്ടു. ഹിരണ്യകശിപുവിന് കേൾവികേട്ട ശൗര്യത്തോടു കൂടിയ ഹ്രാദൻ, അനുഹ്രാദൻ, പ്രഹ്രാദൻ, സംഹ്രാദൻ എന്നീ നാലു പുത്രന്മാർ ഉണ്ടായി. ഹ്രാദന്റെ പുത്രൻ ഹ്രദൻ.

ഹ്രദന്റെ പുത്രന്മാരായിരുന്നു മായാവിയും ശിവനും കാലനും. വിരോചനൻ പ്രഹ്രാദന്റെ പുത്രനാണ്. ബലി വിരോചനന്റെ പുത്രനുമാണ്. ബലിയുടെ നൂറ് പുത്രന്മാരിൽ മൂത്തവനാണ് ബാണൻ. ധൃതരാഷ്ട്രൻ, സൂര്യൻ, ചന്ദ്രമസ്, ഇന്ദ്രതാപനൻ, കുംഭനാഭൻ, ഗർദഭാഷൻ, കുക്ഷി എന്നിവർ അവരിൽ പ്രധാനികളായിരുന്നു. ബാണൻ മൂത്തവനും അതിശക്തനുമായിരുന്നു; അവൻ ശിവഭക്തനുമായിരുന്നു.

മുമ്പുള്ള കല്പത്തിൽ ബാണൻ ശിവനെ പ്രസാദിപ്പിച്ച് അദ്ദേഹത്തിന്റെ സമീപത്തിൽ തനിക്കു വിഹരിക്കണമെന്നുള്ള ഒരു വരം യാചിച്ചിരുന്നു.

ഹിരണ്യാക്ഷന് വിദ്വാന്മാരും വീരന്മാരുമായ അഞ്ചു പുത്രന്മാരുണ്ടായിരുന്നു. അവർ ഭർഭരൻ, ശകുനി, ഭൂതസംതാപനൻ, പരാക്രമിയായ മഹാനാഭൻ, കാലനാഭൻ എന്നിവരാണ്. ദനുവിന് അതിതീവ്രപരാക്രമികളായ നൂറ് പുത്രന്മാരുണ്ടായിരുന്നു. തപസ്വികളും മഹാവീരന്മാരുമായ അവരിൽ ഏറ്റവും പ്രധാനികളെക്കുറിച്ച് ഞാൻ പറയാം.

ദ്വിമൂർദ്ധൻ, ശങ്കുകർണ്ണൻ, ഹയശിരസ്, അയോമുഖൻ, ശംഭരൻ, കപിലൻ, വാമനൻ, മാരീചി, മഘവൻ, ഇല്വലൻ, സൃമണൻ, വിക്ഷോഭണൻ, കേതു, കേതുവീര്യൻ ശതഹ്രദൻ, ഇന്ദ്രജിത്ത്, സർവ്വജിത്, വജ്രനാഭൻ, ഏകചക്രൻ, മഹാബാഹു, അതിശക്തനായ താരകൻ, വൈശ്വാനരൻ, പുലോമൻ, വിദ്രാവണൻ, മഹാശിരസ്, സ്വർഭാനു, വൃഷപർവ്വൻ, വീര്യവാനായ വിപ്രചിത്തി തുടങ്ങിയവരെല്ലാവരും കശ്യപന് ദനുവിലുണ്ടായ പുത്രന്മാരാണ്.

DC BOOKS

അതിപരാക്രമികളായ ദാനവരിൽ വിപ്രചിത്തിയായിരുന്നു പ്രധാനി. അനവധിപേർ ഉള്ളതുകൊണ്ട് അവരുടെ കണക്കെടുക്കുവാൻ കഴിയുകയില്ല. പുത്രന്മാരും പുത്രിമാരുമായി അവർ അനവധി പേരുണ്ടായിരുന്നു. പ്രഭാ സ്വർഭാനുവിന്റെയും ശചീ പുലോമന്റെയും പുത്രിമാരായിരുന്നു.

ഉപദാനവി ഹയശിരസ്സിന്റെയും ശർമിഷ്ഠ വൃഷപർവ്വന്റെയും പുത്രിമാരും പുലോമയും കാലകയും വൈശ്വാനരന്റെ രണ്ടു പുത്രിമാരുമായിരുന്നു.

വലിയ ശക്തിയും ധാരാളം പുത്രന്മാരുമുണ്ടായിരുന്ന അവർ മാരീചിയുടെ പത്നിമാരായിരുന്നു. ദാനവരെ ആനന്ദിപ്പിച്ച അറുപതിനായിരം പുത്രന്മാർ അവർക്കുണ്ടായിരുന്നു. മാരീചി വലിയ തപസ്സനുഷ്ഠിച്ച് വീണ്ടും പതിനാലായിരം പുത്രന്മാരെ ജനിപ്പിക്കുകയും അവർ ഹിരണ്യപുരം നഗരിയിൽ വസിക്കുകയും ചെയ്തു. പൗലോമന്മാരും കാലകേയന്മാരുമായ ദാനവർ അതിഭീകരരായിരുന്നു. വിപ്രചിത്തിക്ക് സിംഹികയിൽ പുത്രന്മാരുണ്ടായി. ദൈത്യന്മാരും ദാനവരും കൂടി ചേർന്നുണ്ടായതിനാൽ അവർ തീവ്രപരാക്രമികളും അതിശക്തരുമായിത്തീർന്നു. പതിമൂന്ന് ശക്തരായ സൈംഹികർ-വംശ്യൻ, ശല്യൻ, നളൻ, ബലൻ, വാതാപി, നമുചി, ഇല്വലൻ, സൃമണൻ, അഞ്ജികൻ, നരകൻ, കാലനാഭൻ, സരമാനൻ, ശക്തനായ സ്വരകല്പൻ എന്നിവരാണ്. മൂഷകനും ഹുണ്ഡനും ഹ്രദന്റെ പുത്രന്മാരാണ്.

സുന്ദന്റെ പുത്രനായ മാരീചൻ താടകയിൽ ജനിച്ചവനാണ്. ദാനവവംശത്തെ വർദ്ധിപ്പിച്ച ദാനവശ്രേഷ്ഠർ ഇവരാണ്.

അവരുടെ പുത്രന്മാരും പൗത്രന്മാരും നൂറുകണക്കിനും ആയിരക്കണക്കിനുമാണ്. നിവാതകവചന്മാർ ജനിച്ചത് തപസ്സുകൊണ്ട് പരിശുദ്ധഹൃദയനായ ദൈത്യനായ സംഹ്രദന്റെ കുംടുംബത്തിലാണ്. മഹാഭാഗ്യവാന്മാരായ വൈദ്യുതർ താമ്രയിൽ ജനിച്ചവരായി കീർത്തിക്കപ്പെടുന്നു. അവർക്കുണ്ടായ മൂന്നുകോടി പുത്രന്മാർ മണിവതി[1]യിൽ വസിച്ചുപോന്നു.

ദേവന്മാർക്ക് അവരെ വധിക്കുവാൻ എളുപ്പമായിരുന്നില്ല. അവരെ അർജ്ജുനനാണ് വീഴ്ത്തിയത്. താമ്രയുടെ പുത്രിമാർ ക്രൗഞ്ചി, ശ്യേനി, ഭാസി, സുഗ്രീവി, ശുചി, ഗൃധ്രികാ എന്നിവരായിരുന്നു. ക്രൗഞ്ചി മൂങ്ങകൾക്കും കാക്കകൾക്കും ജന്മം നല്കി. ശ്യേനി കഴുകന്മാരെയും ഭാസി കോഴികളെയും ഗൃധ്രി പരുന്തുകളെയും ശുചി ജലത്തിലുള്ള പക്ഷികളെയും സുഗ്രീവി കുതിരകളെയും ഒട്ടകങ്ങളെയും കഴുതകളെയും ജനിപ്പിച്ചു. ഇവരെ താമ്രവംശജരായി അറിഞ്ഞാലും. വിനതയ്ക്ക് രണ്ടു പുത്രന്മാരുണ്ടായിരുന്നു, ഗരുഡനും അരുണനും. ഗരുഡൻ പക്ഷികളിൽ ശ്രേഷ്ഠനും തന്റെ പ്രവൃത്തികളിൽ ഭയങ്കരനുമായിരുന്നു.

അളവറ്റ ശക്തിയും അനേകം ശിരസ്സും ഉള്ള ആയിരം സർപ്പങ്ങളായിരുന്നു സുരസയുടെ മക്കൾ. അല്ലയോ ബ്രാഹ്മണരേ, ധന്യാത്മാക്കളായ അവർ ആകാശമണ്ഡലത്തിൽ ചരിച്ചിരുന്നു. കദ്രുവിന്റെ പുത്രന്മാർ

1. വിദ്യാധരന്മാരുടെ തലസ്ഥാന നഗരം.


DC Books

ബലശാലികളും അളക്കാൻ കഴിയാത്തത്ര പരാക്രമികളും ശക്തരുമായി രുന്നു. അവരും ആയിരം പേരായിരുന്നു.

അനേകം ശിരസ്സുള്ള പരാക്രമശാലികളായ നാഗങ്ങൾ ജനിച്ചു. അവർ ഗരുഡന്റെ അധീനതയിലായിരുന്നു. അവരിൽ പ്രധാനികൾ ശേഷൻ, വാസുകി. തക്ഷകൻ, ഐരാവതൻ, മഹാപത്മൻ, കംബലൻ, അശ്വതരൻ, ഏലാപുത്രൻ, ശംഖൻ, കാർക്കോടകൻ, ധനഞ്ജയൻ, മഹാനീലൻ, മഹാ കർണ്ണൻ, ധൃതരാഷ്ട്രൻ, ബലാഹകൻ, കുഹരൻ, പുഷ്പദംഷ്ട്രൻ, ദുർമുഖൻ, സുമുഖൻ, ശംഖൻ, ശംഖപാലൻ, കപിലൻ, വാമനൻ, നഹു ഷൻ, ശംഖരോമൻ, മണി തുടങ്ങിയവരായിരുന്നു.

നൂറുകണക്കിനും ആയിരക്കണക്കിനും ആയിരുന്നു അവരുടെ പുത്ര പൗത്രന്മാർ. അതിൽ പതിനാലായിരം ക്രൂരസർപ്പങ്ങൾ വായുവിലാണ് ജീവിച്ചിരുന്നത്.

അല്ലയോ ബ്രഹ്മണരേ, അതിൽ ക്രോധവശർ എന്നൊരു കൂട്ടർ ഉണ്ടാ യിരുന്നു. അവർക്കെല്ലാം ദംഷ്ട്രങ്ങളുമുണ്ടായിരുന്നു. ഭൂമിയിലെ എണ്ണമറ്റ പക്ഷികൾ ഭൂമിയുടെ സന്താനങ്ങളായിരുന്നു.

സുരഭി പശുക്കൾക്കും എരുമകൾക്കും ജന്മം നൽകി. ഇരാ വൃക്ഷങ്ങൾ, വള്ളികൾ, ചെടികൾ പ്രത്യേകതരത്തിലുള്ള പുല്ലുകൾ എന്നിവയെ ചുറ്റും സൃഷ്ടിച്ചു.

ഖശ യക്ഷന്മാരെയും രാക്ഷസന്മാരെയും മുനി അപ്സരസ്സുകളെയും പ്രസവിച്ചപ്പോൾ അരിഷ്ടയാകട്ടെ ബലവാന്മാരും ഓജസ്വികളുമായ ഗന്ധർവ്വന്മാർക്ക് ജന്മം നല്കി. ഇപ്രകാരം സ്ഥാവരജംഗമരൂപികളായ ഈ കശ്യപസന്തതികൾ പരസ്പരം ബന്ധമുള്ളവരാണ്. അവർക്ക് നൂറു കണക്കിനും ആയിരക്കണക്കിനും പുത്രപൗത്രന്മാരുണ്ട്. അല്ലയോ ബ്രാഹ്മ ണരേ, ഈ സൃഷ്ടി സ്വാരോചിഷമന്വന്തരത്തിലാണ് നടന്നത്.

പിന്നീടുള്ള വൈവസ്വതമന്വന്തരത്തിലെ പ്രജാസൃഷ്ടിയെ പറയാം. വരുണനെ ഉദ്ദേശിച്ചു ബ്രഹ്മാവ് ഒരു മഹായാഗം നടത്തി. പൂർവ്വകല്പ ത്തിൽ ബ്രഹ്മാവിന്റെ മാനസപുത്രരായുണ്ടായ സപ്തബ്രഹ്മർഷിമാരെ പിതാമഹൻ സ്വയമേവ പുത്രന്മാരായി കല്പിച്ചു.

അപ്പോൾ ദേവന്മാർക്കും ദാനവന്മാർക്കും തമ്മിൽ പരസ്പരം വൈരം ഉടലെടുക്കുകയും ദിതിക്ക് തന്റെ പുത്രന്മാരെ നഷ്ടപ്പെടുകയും ചെയ്തു. അവൾ ഭക്തിപുരസ്സരം കശ്യപനെ പരിചരിച്ച് പ്രീതിപ്പെടുത്തി. ആരാധ നയിൽ പ്രസന്നചിത്തനായ കശ്യപൻ അളവറ്റ പരാക്രമശാലിയായ ഇന്ദ്രനെ കൊല്ലുന്ന ഒരു പുത്രനെ വരമായി നൽകി.

വരം നല്കിയതിനുശേഷം കശ്യപൻ ഇവ്വണ്ണം അരുളിച്ചെയ്തു: 'നീ നൂറ് ശരത്കാലം ഈ ഗർഭസ്ഥഭ്രൂണത്തെ വ്രതത്തോടും പരിശുദ്ധിയോടും കൂടി സൂക്ഷിക്കുകയാണെങ്കിൽ നിന്റെ പുത്രന് ഇന്ദ്രനെ വധിക്കാൻ കഴിയും.'

അങ്ങനെതന്നെയാകട്ടെ എന്നു പറഞ്ഞ് ഭക്തിയോടും പരിശുദ്ധി യോടുംകൂടി ആ സാധ്വി ഗർഭം ധരിച്ചു.

ദിതിക്ക് ഗർഭത്തെ പ്രദാനം ചെയ്ത് കശ്യപൻ അസാധാരണ പരാ ക്രമത്തോടുകൂടിയ ഒരു ശ്രേഷ്ഠദേവസമൂഹത്തെ ആഗ്രഹിച്ച് അമാനു

ഷരാൽപോലും നശിപ്പിക്കാൻ കഴിയാത്ത സ്വന്തം അദൃശ്യശക്തിയെ പിൻവലിച്ചുകൊണ്ട് തപസ്സും യാഗാദികർമ്മങ്ങളും അനുഷ്ഠിക്കുവാനായി പർവ്വതനിരകളിലേക്കു പോയി.

ദേവേന്ദ്രൻ ദിതിയുടെ ഉള്ളിലേക്ക് പ്രവേശിക്കുവാൻ ഒരു പഴുതു നോക്കി ഇരിക്കുകയായിരുന്നു. നൂറു വർഷങ്ങൾ അവസാനിക്കാറായപ്പോൾ ഇന്ദ്രൻ അവളുടെ ഉള്ളിൽ കടക്കുവാൻ ഒരു പഴുതു കണ്ടു. കാലു കഴുകാതെ ദിതി ഉറങ്ങുവാനായി കിടന്നു. അപ്പോൾ ഇന്ദ്രൻ അവളുടെ വയറ്റിനകത്തേക്കു കടന്നു. തന്റെ വജ്രായുധത്താൽ ആ ഭ്രൂണത്തെ ഏഴായി മുറിച്ചു. ഇപ്രകാരം ഛേദിക്കപ്പെട്ടപ്പോൾ ആ ബീജം നിലവിളിച്ചു. മാ രോദീഃ (കരയരുത്) എന്ന് ഇന്ദ്രൻ ആ കുട്ടിയോട് പറഞ്ഞു. ബീജം ഏഴായി വേർതിരിഞ്ഞു. കോപത്തോടെ ഇന്ദ്രൻ വീണ്ടും ഓരോന്നും ഏഴായി മുറിച്ചു. ആ കുട്ടികൾ മരുത്തുക്കൾ എന്ന പേരിൽ അറിയപ്പെട്ടു.

ഇന്ദ്രൻ പറഞ്ഞപോലെ ഈ നാല്പത്തിഒൻപത് ദേവന്മാർ വജ്രപാണിയായ ഇന്ദ്രന്റെ സഹായികളായിത്തീർന്നു.

അളവറ്റ തേജസ്സോടുകൂടിയ ശ്രേഷ്ഠമായ ഒരു ദേവസമൂഹത്തെ ഹരി ആഗ്രഹിച്ചു. ഓരോ വിഭാഗത്തിനും അദ്ദേഹം വെവ്വേറെ പ്രജാപതികളെ നല്കി. ക്രമേണ പൃഥു മുഖ്യനായ രാജ്യങ്ങൾ ഉണ്ടാക്കപ്പെട്ടു. വീരപുരുഷനും കൃഷ്ണനും വിഷ്ണുവും പ്രജാപതിയും പർജന്യനും തപനനും അനന്തനും എല്ലാം ആ ഹരിതന്നെ. ഈ ലോകം മുഴുവൻ അദ്ദേഹത്തിന്റേതാണ്. ഹേ ബ്രാഹ്മണശ്രേഷ്ഠരേ, ഈ ജീവജാലങ്ങളുടെ സൃഷ്ടികർമ്മത്തെക്കുറിച്ച് അറിയുന്നവന് പുനർജന്മം ഇല്ലതന്നെ. പിന്നെയെങ്ങനെ പരലോകഭയം ഉണ്ടാകാനാണ്?

DC BOOKS